## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(ഹാജർ : അനുപമ റ്റി വി IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് – വകുപ്പിൻ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിപാലനം - മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് - കുടിശ്ശിക വേതനം അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 26/08/2020ലെ ഇതേ നമ്പർ പ്രൊപ്പോസൽ
2. G O (Rt) No.651/2020/SJD Dated, 19/11/2020

**ഉത്തരവ് നമ്പർ WEC5- 31224/2019 തീയതി : 25/11/2020.**

വനിത ശിശുവികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന വനിത ശിശു ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിചരണത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിയമിച്ചിരുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ കരാർ കാലാവധി 2020 മാർച്ചിൽ അവസാനിച്ചിരുന്നു. കോവിഡ് 19ന്റെ വ്യാപനത്തെ തുടർന്ന് പുതിയ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി ജീവനക്കാരുടെ സേവനം 2020 ജൂലൈ മാസം വരെ തുടരാൻ തീരുമാനിച്ചിരുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷൻ 2020 മാർച്ച് മാസം വരെ ടി ജീവനക്കാർക്ക് വേതനം നൽകിയിട്ടുണ്ടായിരുന്നു. 2020 ഏപ്രിൽ മാസം മുതൽ 2020 ജൂലൈ മാസം വരെ ടി ജീവനക്കാർക്ക് നൽകാനുള്ള വേതനം അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2020 ഏപ്രിൽ മുതൽ 2020 ജൂലൈ മാസം വരെ 4 മാസത്തേയ്ക്ക് നൽകാനുള്ള കുടിശ്ശിക വേതനമായ 29,62,972/-രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള വനിത ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പരിപാലനത്തിനായി നിയമിച്ചിട്ടുള്ള മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക് 2020 ഏപ്രിൽ മാസം മുതൽ 2020 ജൂലൈ മാസം വരെ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള 29,62,972/-രൂപ (ഇരുപത്തിയൊൻപത് ലക്ഷത്തി

അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തി രണ്ടു രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68(03)(P) ശീർഷകത്തിൽനിന്നും സ്ഥാപന സൂപ്രണ്ടുമാരുടെ പേരിൽ അന്യത്ര ചേർത്തിരിക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

സ്ഥാപന സൂപ്രണ്ടുമാർ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ പ്രവർത്തി ദിനങ്ങൾ പരിശോധിച്ച് അർഹമായ തുക അനുവദിക്കേണ്ടതാണ്.

ടി തുകയുടെ വിനിയോഗശേഷം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

എല്ലാ വനിത ശിശുക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

**പകർപ്പ്**

1. പ്രോജക്ട് കോ-ഓർഡിനേറ്റർ, ICPS
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വകസന ഓഫീസർമാർക്ക്
3. സൂപ്രണ്ട് (എ) സെക്ഷൻ (അലോട്ട്മെന്റ്)
4. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്.

**ANNEXURE-I**

| വനിതാ ക്ഷേമസ്ഥാപനങ്ങളിലെ MTCP മാരുടെ വേതനം | | | |
|---|---|---|---|
| ക്രമ നം | സ്ഥാപനം | ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെയുള്ള MTCP മാരുടെ എണ്ണം | ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെയുള്ള MTCP മാരുടെ ആകെ വേതനം |
| 1 | ഗവ.മഹിളാ മന്ദിരം ,തിരുവനന്തപുരം | 3 | 216360 |
| 2 | ഗവ.മഹിളാ മന്ദിരം ,കൊല്ലം | 1 | 72120 |
| 3 | ഗവ.മഹിളാ മന്ദിരം ,പത്തനംതിട്ട | 2 | 144240 |
| 4 | ഗവ.മഹിളാ മന്ദിരം ,ആലപ്പുഴ | 1 | 63600 |
| 5 | ഗവ.മഹിളാ മന്ദിരം കോട്ടയം | 1 | 72120 |
| 6 | ഗവ.മഹിളാ മന്ദിരം എറണാകുളം | 2 | 142560 |
| 7 | ഗവ.മഹിളാ മന്ദിരം തൃശ്ശൂർ | 2 | 72721 |
| 8 | ഗവ.മഹിളാ മന്ദിരം പാലക്കാട്. | 2 | 144240 |
| 9 | ഗവ.മഹിളാ മന്ദിരം മലപ്പുറം | 2 | 144240 |
| 10 | ഗവ.മഹിളാ മന്ദിരം ,കോഴിക്കോട് | 2 | 140634 |
| 11 | ഗവ.മഹിളാ മന്ദിരം കണ്ണൂർ | 1 (staff Nurse) | 121540 |
| 12 | ഗവ.മഹിളാ മന്ദിരം ,കാസർഗോഡ് | 1 | 64800 |
| 13 | ആഫ്റ്റർ കെയർ ഹോം-കൊല്ലം | 6 | 333555 |
| 14 | ആഫ്റ്റർ കെയർ ഹോം-,കോഴിക്കോട് | 4 | 115988 |
| 15 | ഷോർട്ട് സ്റ്റേ ഹോം,കോഴിക്കോട് | 1 | 72120 |
| 16 | റസ്ക്യൂ ഹോം, മലപ്പുറം | 1 | 72120 |
| | **ആകെ** | **31** | **1992958** |

Sende

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ

4/

**ANNEXURE II**

| ശിശു ക്ഷേമസ്ഥാപനങ്ങളിലെ MTCP മാരുടെ വേതനം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | സ്ഥാപനം | April മാസത്തിലെ MTCP മാരുടെ എണ്ണം | May മാസത്തിലെ MTCP മാരുടെ എണ്ണം | April,May മാസങ്ങളിലെ വേതനം | June , July മാസങ്ങളിലെ MTCP മാരുടെ എണ്ണം | June& July മാസങ്ങളിലെ MTCP മാരുടെ വേതനം | ആകെ |
| 1 | ചിൽഡ്രൻസ് ഹോം,തിരുവനന്തപുരം | 2 | 2 | 63706 | 2 | 72120 | 135826 |
| 2 | ചിൽഡ്രൻസ് ഹോം,കൊല്ലം | 1 | 1 | 31853 | 1 | 36060 | 67913 |
| 3 | ചിൽഡ്രൻസ് ഹോം,പത്തനംതിട്ട | 0 | 0 | | 1 | 36060 | 36060 |
| 4 | ചിൽഡ്രൻസ് ഹോം, ആലപ്പുഴ(നൂറനാട്) | 0 | 0 | | 1 | 36060 | 36060 |
| 5 | ചിൽഡ്രൻസ് ഹോം,ആലപ്പുഴ(മായിത്തറ) | 1 | 1 | 31853 | 1 | 36060 | 67913 |
| 6 | ചിൽഡ്രൻസ് ഹോം,കോട്ടയം | 0 | 0 | | 1 | 36060 | 36060 |
| 7 | ചിൽഡ്രൻസ് ഹോം,എറണാകുളം (ഗേൾസ്) | 2 | 2 | 63706 | 2 | 72120 | 135826 |
| 8 | ചിൽഡ്രൻസ് ഹോം,തൃശ്ശൂർ(ബോയ്സ്സ്) | 0 | 0 | | 1 | 36060 | 36060 |
| 9 | ചിൽഡ്രൻസ് ഹോം,പാലക്കാട് | 0 | 1 | 6010 | 1 | 36060 | 42070 |
| 10 | ചിൽഡ്രൻസ് ഹോം, മലപ്പുറം | 1 | 1 | 31853 | 1 | 36060 | 67913 |
| 11 | ചിൽഡ്രൻസ് ഹോം,കോഴിക്കോട് (ഗേൾസ്) | 0 | 0 | | 2 | 72120 | 72120 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | ചിൽഡ്രൻസ് ഹോം,കോഴിക്കോട് ,(ബോയ്സ്റ്റ്) | 0 | 0 | | 1 | 36060 | 36060 |
| 13 | ചിൽഡ്രൻസ് ഹോം,കണ്ണൂർ(ഗേൾസ്) | 0 | 0 | | 1 | 36060 | 36060 |
| 14 | ചിൽഡ്രൻസ് ഹോം,കണ്ണൂർ ,(ബോയ്സ്റ്റ്) | 0 | 0 | | 1 | 36060 | 36060 |
| 15 | ചിൽഡ്രൻസ് ഹോം,വയനാട് | 0 | 0 | | 1 | 36060 | 36060 |
| 16 | ചിൽഡ്രൻസ് ഹോം, കാസർഗോഡ് | 1 | 1 | 19833 | 1 | 36060 | 55893 |
| 17 | ,Place of safety,(ബോയ്സ്റ്റ്)തൃശ്ശൂർ | | | | 1 | 36060 | 36060 |
| | **ആകെ** | **8** | **9** | **248814** | **20** | **721200** | **970014** |

Sinde

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി